# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 692** 28.02.2017-ൽ **മറുപടിക്ക്**

## വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ പദ്ധതി

| | ചോദ്യം<br><br>ശ്രീ. സി. ദിവാകരൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രവർത്തന ക്ഷമമല്ലാത്ത വഴിവിളക്കുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് അടക്കേണ്ടി വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി)<br><br><br><br><br>(സി) | ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br><br><br>വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി & (സി) | മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് അവയുടെ എണ്ണവും, എത്ര നേരം തെളിയിക്കുന്നുണ്ടെന്നതും കണക്കിലെടുത്ത് നിശ്ചിത തുക അടയ്ക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള തെരുവു വിളക്കുകൾ ഒരു നിശ്ചിത കാലയളവിൽ കേടായിരുന്നാലും മുൻ നിശ്ചയ പ്രകാരം കറന്റ് ചാർജ് അടയ്ക്കേണ്ടതായി വരുന്നുണ്ട്. തെരുവു വിളക്കുകൾ എല്ലാം തന്നെ മീറ്ററിംഗ് സംവിധാനത്തിലേയ്ക്ക് മാറിയാൽ ഈ പ്രശ്നം പരിഹരിക്കാനാകും. നിലവിലുള്ള നിയമപ്രകാരം പുതുതായി സ്ഥാപിക്കുന്ന എല്ലാ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതും, നിലവിൽ മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവു വിളക്കുകൾക്ക് നിശ്ചിത കാലയളവിൽ മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതുമാണ്. നിശ്ചിത തീയതിക്കുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില അധിക ഇളവുകൾ |

| | | | |
|---|---|---|---|
| | | | അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം നിശ്ചിത തീയതിയ്ക്കുള്ളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള പണമടയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 50% ഇളവ് അനുവദിച്ചിരുന്നു. |

Kemalelle

**സെക്ഷൻ ഓഫീസർ**